# സലഫി എന്നവകാശപ്പെടുന്നതിനോടൊപ്പം ബിദ്അത്തിന്റെ ആളുകളുമായി സഹകരിക്കുന്ന ആളുകളിൽ നിന്നും ഇൽമു സ്വീകരിക്കാമോ?

**അഹമ്മദ് ബനാജാ ഹഫിളഹുല്ലാ**

**വിവർത്തനം**

**അബൂ ഫഹിം ഇബിനു അബ്ദുൽസലാം**

---

**സൽസബീൽ സലഫി സംഘം**

## അഹമ്മദ് ബനാജാ ഹഫിളഹുല്ലായോട് ചോദിക്കപ്പെട്ടു:

ചോദ്യം: ഞാൻ സലഫിയാണ് എന്നവകാശപ്പെടുന്ന ഒരാളിൽ നിന്നും ഇൽമ് സ്വീകരിക്കുന്നതിന്റെ വിധി എന്ത്? മൻഹജ് അനുസരിച്ചാണ് അയ്യാൾ പഠിപ്പിക്കുന്നത്, ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും നിയമങ്ങൾ പിടിക്കുന്നത് സലഫുകൾ മനസ്സിലാക്കിയ രീതിയിൽ തന്നെയാണ്. എന്നാലും ക്ലാസിനു പുറത്ത് ബിദ്അത്തിന്റെയും കക്ഷിത്വത്തിന്റെയും അതുപോലുള്ള ആളുകളുമായൊക്കെ കൂടിക്കലരുകയും ദഅവത്തിന് വേണ്ടി വീഡിയോകൾ നിർമിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഒരു മനുഷ്യനിൽ നിന്നും ഇൽമു സ്വീകരിക്കൽ നമുക്ക് അനുവതനീയമാണോ?

ഉത്തരം: ബിസ്മില്ലാഹ്, അൽഹംദുലില്ലാഹി വസ്സലാത്തു വസ്സലാമു അലാ റസൂലില്ലാഹി വ അലാ ആലിഹി വസല്ലം, അമ്മാബഅദു.
ഇല്ല, ഈ മനുഷ്യനിൽ നിന്നും ഇൽമു തേടൽ താങ്കൾക്ക് പാടുള്ളതല്ല. താങ്കൾ അയാളെക്കുറിച്ച് മുകളിൽ വിവരിച്ചതനുസരിച്ച്, അദ്ദേഹത്തിൽ വെക്തമായ കാപട്യത്തിന്റെ ലക്ഷണം കാണുന്നു. മുനാഫിക്കിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നതായ ഒരാളിൽ നിന്നും താങ്കളെങ്ങനെ വിജ്ഞാനം തേടും. നമ്മുടെ ദീൻ സംരക്ഷിക്കുന്നതിനും സിറാത്തുൽ മുസ്തഖീമിൽ ഉറച്ച് നിൽക്കുന്നതിന്നും വേണ്ടി നമ്മൾ ദേഹേഛകളുടെയും ബിദ്അത്തിന്റെയും ആളുകളെ ബഹിഷ്ക്കരിക്കേണ്ടതാണ് എന്നത് സലഫിയത്തിന്റെ തത്ത്വങ്ങളിൽ ഒന്നാണ്. ബാത്തിലിന്റെ ആളുകളുമായി കലരുകയും സഹകരിക്കുകയും ചെയ്യുന്ന ഒരാളെ നമ്മൾ സലഫി എന്ന് വിളിക്കുകയില്ല, അത് അദ്ദേഹം പഠിപ്പിക്കുന്ന മൻഹജിനു തന്നെ എതിരായിരിക്കെ.

താഴെപ്പറയുന്ന ആയത്തും അതിന്റെ തഫ്സീറും ബിദ്അത്തുകളിലൂടെയും മറ്റ് നൂതന വാദങ്ങളിലൂടെയും അല്ലാഹുവിന്റെ വചനങ്ങളെ പരിഹസിക്കുന്നവരിൽ നിന്നകന്നു നിൽക്കേണ്ടത് നമ്മുടെ ബാദ്യതയാണെന്ന് കാണിക്കുന്നു.

وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّىٰ يَخُوضُوا فِي حَدِيثٍ غَيْرِهِ ۚ وَإِمَّا يُنسِيَنَّكَ الشَّيْطَانُ فَلَا تَقْعُدْ بَعْدَ الذِّكْرَىٰ مَعَ الْقَوْمِ الظَّالِمِينَ

"നമ്മുടെ ദൃഷ്ടന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞു കളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്നപക്ഷം ഓർമ്മ വന്നതിനു ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത് (അൻആം: 68).

അശൗകാനി റഹിമഹുല്ലാഹ് തന്റെ ഫൈദുൽ ഖദീർ എന്ന തഫ്സീറിൽ ഈ ആയത്തിനെ വിശദീകരിക്കുന്നു: “അല്ലാഹുവിന്റെ ഗ്രന്ഥവും പ്രവാചകന്റെ സുന്നത്തും കൊണ്ട് കളിക്കുകയും അതിനു തെറ്റായ വ്യാഖ്യാനം നൽകുകയും ചെയ്യുന്ന ബിദ്അത്തിന്റെ ആളുകളുമായി കൂടിക്കലരുന്നത് അനുവദിക്കുന്ന ആളുകൾക്ക് ഈ ആയത്തിൽ വലിയൊരു ഉപദേശമുണ്ട്. ആ തിന്മ തടയാൻ നിനക്ക് കഴിയില്ലാ എങ്കിൽ കുറഞ്ഞപക്ഷം അതിൽ ഭാഗവാക്കാവുകയെങ്കിലും ചെയ്യാതിരിക്കുക.......... ഇനി (ഈ ആയത്തിൽ നിന്ന്) തെറ്റ് ചെയ്യുന്ന ആളുകളുമായി കൂടിക്കലരുന്നതിനേക്കാൾ വളരെ വലിയ തിന്മയാണ് ബിദ്അത്തിന്റെ ആളുകളുമായി കൂടിക്കലരുന്നതെന്ന് നമുക്കറിയാം......”

ഇബിനു അറബി അൽ മാലിക്കി ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് തന്റെ തഫ്സീറുൽ ആയാത്തുൽ അഹ്കാം എന്ന ഗ്രന്ഥത്തിൽ പറയുന്നു: “തെറ്റുകൾ ചെയ്യുന്ന ആളുകളുമായി(തെറ്റുകളിൽ മുന്നിൽ നിൽകുന്നത്

ബിദ്അത്താണ്) ഇരിക്കുന്നത് വിലക്കുന്നതിനു ഈ ആയത്ത് തെളിവാണ്" അതിനുമപ്പുറം താഴെപ്പറയുന്ന ഹദീസ് ബിദ്അത്തിന്റെ ആളുകളുമായി സഹകരിക്കുന്നവർക്ക് ഒരു മുന്നറിയിപ്പാണ്:

عَنْ عَائِشَةَ ـ رضى الله عنها ـ قَالَتْ تَلاَ رَسُولُ اللَّهِ صلى الله عليه وسلم هَذِهِ الآيَةَ {هُوَ الَّذِي أَنْزَلَ عَلَيْكَ الْكِتَابَ مِنْهُ آيَاتٌ مُحْكَمَاتٌ هُنَّ أُمُّ الْكِتَابِ وَأُخَرُ مُتَشَابِهَاتٌ فَأَمَّا الَّذِينَ فِي قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَابَهَ مِنْهُ ابْتِغَاءَ الْفِتْنَةِ وَابْتِغَاءَ تَأْوِيلِهِ} إِلَى قَوْلِهِ {أُولُو الأَلْبَابِ} قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم " فَإِذَا رَأَيْتَ الَّذِينَ يَتَّبِعُونَ مَا تَشَابَهَ مِنْهُ، فَأُولَئِكَ الَّذِينَ سَمَّى اللَّهُ، فَاحْذَرُوهُمْ

ആയിശ റളിയല്ലാഹു അൻഹയിൽനിന്ന്: "അല്ലാഹുവിന്റെ ദൂദർ ഈ ആയത്ത് പാരായണം ചെയ്തു:- “(നബിയേ) നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രേ വേദഗ്രന്ഥത്തിന്റെ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിനു മാത്രമേ അറിയുകയുള്ളു. അറിവിൽ അടിയുറച്ചവരാകട്ടെ അവർ പറയും: 'ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു.' ബുദ്ധിശാലികൾ മാത്രമേ ആലോചിച്ചു മനസ്സിലാക്കുകയുള്ളൂ.”(ആലിംറാൻ: 4) ശേഷം അല്ലാഹുവിന്റെ ദൂദർ പറഞ്ഞു, 'മുതശാബിഹ് ആയ വചനങ്ങളെ പിന്തുടരുന്നവരെ നീ കണ്ടാൽ അവരാണ് (സത്യത്തിൽ നിന്നും വഴിപിഴച്ചവർ എന്ന്) അല്ലാഹു പേര് വിളിച്ചത്. അതിനാൽ അവരെക്കുറിച്ച് ജാഗ്രത പാലിക്കുക.” (സ്വഹീഹ് ബുഖാരി വാല്യം.6, ബുക്ക് 60, ഹദീസ് 70)

അതിനുമപ്പുറം, ബിദ്അത്തിന്റെ ആളുകളുമായി ഇരിക്കുകയും

കൂടിക്കലരുകയും ചെയ്യുന്ന വിഷയത്തിൽ സലഫുകളുടെ ധാരാളം പ്രസ്ഥാവനകളുണ്ട്. അവയിൽ ചിലത് താഴെക്കൊടുക്കുന്നു.

മുഹമ്മദ് ഇബിനു സീരീൻ (മരണം.110 ഹിജ്‌റ) പറഞ്ഞു: "ഈവിജ്ഞാനം ദീനാകുന്നു, അതിനാൽ നീ നിന്റെ ദീൻ ആരിൽ നിന്നാണ് സ്വീകരിക്കുന്നതെന്ന് ശ്രദ്ധിക്കണം"(സ്വഹീഹ് മുസ്‌ലിം)

അബൂ കിലാബ (മരണം.140 ഹിജ്‌റ) പറഞ്ഞു: "ബിദ്അത്തിന്റെ ആളുകളുമായി ഇരിക്കരുത്, എന്തെന്നാൽ താങ്കളെ അവർ അവരുടെ വഴിപിഴവിലേക്ക് വലിച്ച്കൊണ്ട് പോകില്ലെന്നും താങ്കൾക്ക് അറിയുന്ന കാര്യങ്ങൾ അവ്യക്തമാക്കി അവർ നിന്നെ അവരുടെ ഭാകമാക്കും എന്നതിലും എനിക്ക് സുരക്ഷിതത്വം തോന്നുന്നില്ല." (ബൈഹഖി- അൽ ഇഅ'ത്തിഖാദ്, അബ്ദുല്ലഹിബിനു അഹമ്മദ്- അസ്സുന്ന).

ഇമാം മാലിക്ക് (മരണം:179 ഹിജ്‌റ) പറഞ്ഞു: "ബിദ്അത്തിന്റെ ആളുകൾ എത്ര ദുഷിച്ചവരാണ്, ഞാനവർക്ക് സലാം പറയുകയില്ല"' (അൽ ബഗവി- ശറഹുസ്സുന്ന 1/234). ഖാളീ അബൂയഅ'ല (മരണം:333 ഹിജ്‌റ) പറഞ്ഞു: "ബിദ്അത്തുകാരുമായി ബന്ധം മുറിക്കുന്നത് സംബന്ധിച്ച് സഹാബികൾക്കിടയിലും താബിഉകൾക്കിടയിലും ഇജ്മാഉണ്ട്" (ഹജറുൽ മുബ്ത്തദി, പേജ്: 32)

അൽ ഖുർത്തുബി (മരണം:671 ഹിജ്‌റ) പറഞ്ഞു: "നമ്മൾ വിവരിച്ചു കഴിഞ്ഞത് പോലെ അധർമ്മകാരികളായ ജനങ്ങളെ അവഗണിക്കൽ സ്ഥാപിക്കപ്പെട്ടിരിക്കെ ബിദ്അത്തിന്റെയും ഹവയുടെയും ആളുകളെ അവഗണിക്കലാകുന്നു ഏറ്റവും പ്രാധാന്യമുള്ളത്." (തഫ്സീർ ഖുർതുബി 5/418)

അൽ ബഗവി (മരണം:535 ഹിജ്‌റ) പറഞ്ഞു: "ബിദ്അത്തിന്റെ ആളുകളിൽനിന്ന് ഓടി അകലുകയും അവർക്ക് നേരേ ശത്രുത പുലർത്തുകയും അതിലൊരേ സ്വരത്തിൽ ഒറ്റക്കെട്ടായി യോജിക്കുകയും അങ്ങനെ തന്നെ മരണപ്പെടുകയും ചെയ്തവരാണ് സഹാബികൾ, താബിഉകൾ, അവരെ പിന്തുടർന്നവരും സുന്നത്തിന്റെ പണ്ഡിതന്മാരുമെല്ലാം." (ശറഹുസ്സുന്ന 1/227)

ഇബ്നു ഖുദാമ (മരണം:620 ഹിജ്റ) പറഞ്ഞു: “ബിദ്അത്തിന്റെ ആളുകളുമായി ഇരിക്കുന്നതും അവരുടെ പുസ്തകങ്ങളിലേക്ക് നോക്കുന്നതും, അവരുടെ വാക്ക് ശ്രദ്ധിക്കുന്നതും സലഫുകൾ വിലക്കാറുണ്ടായിരുന്നു.” (അൽ ആദാബു ആശ്ശരീഅ 1/263)

അൽ ഫുളയിൽ ഇബ്നു ഇയാള് (മരണം:187 ഹിജ്റ) പറഞ്ഞു: "ഞാൻ ജനങ്ങളിൽ വെച്ച് ഏറ്റവും നല്ലവരെ (സഹാബികളെ) കണ്ടുമുട്ടി, അവരെല്ലാം സുന്നത്തിന്റെ ആളുകളും ബിദ്അത്തിന്റെ ആളുകളുമായി സഹവസിക്കുന്നത് വിലക്കുന്നവരുമായിരുന്നു.” (ലാലിക്കാഈ ശരഹ് ഉസൂലിൽ ഇഅ’തിഖാദു. നം. 267)

ഇബ്രാഹീം ഇബ്നു മൈസറ (മരണം:132 ഹിജ്റ) പറഞ്ഞു: “ആരൊരുവനൊരു ബിദ്അത്തുകാരനെ ബഹുമാനിച്ചോ, അവൻ ഇസ്ലാമിനെ തകർക്കാൻ സഹായം ചെയ്തു.” (ലാലക്കാഈ 1/39)

സുഫിയാനുസ്സൗരി (മരണം:161 ഹിജ്റ) പറഞ്ഞു: “ഏതോരുവൻ ബിദ്അത്തുകാരന്റെ വാക്കുകൾ ശ്രദ്ധിക്കുന്നുവോ അവനല്ലാഹുവിന്റെ സംരക്ഷണം ഉപേക്ഷിക്കുകയും ബിഅത്ത്കാരനിൽ ഭാരമേൽപ്പിക്കുകയും ചെയ്തു.”(അബൂ നുഐം- അൽ ഹില്യ 7/29, ഇബ്നു ബത്ത നം.444)

അൽ ഫുളയിൽ ഇബ്നു ഇയാള് (മരണം:187 ഹിജ്റ) പറഞ്ഞു: “ഏതോരുവൻ ബിദ്അത്ത്കാരന്റെ കൂടെ ഇരിക്കുന്നുവോ അവൻ ജാഗ്രത കൈകൊള്ളട്ടെ. ഏതോരുവൻ ബിദ്അത്ത്കാരന്റെ കൂടെ ഇരിക്കുന്നുവോ അവന് ജ്ഞാനം ലഭിക്കുകയില്ല. എനിക്കും ബിദ്അത്തുകാരനും ഇടയിൽ ഒരു ഇരുമ്പ് കോട്ട ഞാൻ ഇഷ്ടപ്പെടുന്നു. ഒരു ബിദ്അത്തു കാരനുമായിരുന്നു ഭക്ഷണം കഴിക്കുന്നതിനേക്കാൾ ജൂതനുമായോ ക്രിസ്ത്യാനിയുമായോ ഇരുന്ന് ഭക്ഷണം കഴിക്കുന്നതാണ് എനിക്കിഷ്ടം.” (ലാലക്കാഈ 1149)

അൽ ലൈസ് ഇബ്നു സഅദ് (മരണം:175 ഹിജ്റ) പറഞ്ഞു: “ഒരു ബിദ്അത്തുകാരൻ വെള്ളത്തിലൂടെ നടക്കുന്നത് കണ്ടാലും അവനിൽ നിന്നും ഞാനൊന്നും സ്വീകരിക്കുകയില്ല.”, അതിനാൽ ഇമാം ശാഫിഈ പറഞ്ഞു: “ലൈസ് പറഞ്ഞത് കുറഞ്ഞുപോയി അവൻ അന്തരീക്ഷത്തിൽകൂടി നടക്കുന്നത് കണ്ടാലും ഞാനവനിൽനിന്നും ഒന്നും സ്വീകരിക്കുകയില്ല.” (അസ്സുയൂത്തി, അൽഅംർ ബിൽ ഇത്തിബാ വന്നഹിയി അനിൽ ഇബ്തിദാഅ’)